**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **12-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യപരിപാലനത്തിന് ആവശ്യമുള്ള വസ്തുക്കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസായവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ആരോഗ്യപരിപാലനത്തിന് ആവശ്യമായ വസ്തുക്കളുടെ നിർമ്മാണവുമായി ബന്ധ-പ്പെട്ട് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന 'കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്' കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഇതുവരെ 30 ലക്ഷം ലിറ്റർ സാനിറ്റൈസറും 2020-21 ൽ 11.08 കോടി രൂപയുടെ കോവിഡ് പ്രതിരോധ മരുന്നുകളും വിതരണം ചെയ്തിട്ടുണ്ട്. കെ.എം.എസ്.സി.എൽ. മുഖേന സർക്കാർ ആശുപത്രികളിലേക്ക് മാസ്ക്, ഗ്ലൗസ്, വ്യക്തിശുചിത്വ ഉപകരണങ്ങൾ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ 23 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ കോവിഡ് പരിശോധന നടത്തുന്നതിന് സ്വാബ് കളക്ഷൻ ബൂത്തും നിർമ്മിച്ച് നല്കിയിട്ടുണ്ട്. കെ.എസ്.ഡി.പി. ഉൽപ്പാദിപ്പിക്കുന്ന കോവിഡ് അനുബന്ധ രോഗ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ആന്റിബയോട്ടിക് ഇൻജക്ഷനുകൾ ഉൾപ്പെടെ 54 ഇനം മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ റ്റി.റ്റി.പി.എൽ., റ്റി.സി.സി., കേരള സോപ്പ്സ്, കെ.സി.സി.പി.എൽ., ഖാദി ഗ്രാമവ്യവസായ ബോർഡ് എന്നീ പൊതുമേഖലാവ്യവസായ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട സാനിറ്റൈസർ, മാസ്ക് ,ഹാൻഡ് വാഷ് എന്നിവ നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. കേരള മിനറൽസ് ആന്റ് മെറ്റൽസ് (കെ.എം.എം.എൽ)-ൽ പുതിയതായി സ്ഥാപിച്ച 70 TPD ഓക്സിജൻ പ്ലാന്റിൽനിന്നും ആരോഗ്യമേഖലയ്ക്കായി 7 TPD ലിക്വീഡ്ഓക്സിജൻ നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, ഹാൻവീവ്, ഹാൻടെക്സ് എന്നീ സ്ഥാപനങ്ങൾ മാസ്കുകൾ, ഹോസ്പിറ്റൽ ബെഡ്ഷീറ്റുകൾ മുതലായവ നിർമ്മിച്ച് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നു. കെൽട്രോൺ UV ബാഗേജ് ഡിസ്ഇൻഫെക്ടറുകൾ, തെർമൽ പ്രോബ്, മൾട്ടി തെർമൽ സ്കാനർ, ഓട്ടോമാറ്റിക്ക് സാനിടൈസർ ഡിസ്പെൻസർ എന്നിവ ഓർഡറുകൾ അനുസരിച്ച് നിർമ്മിച്ചു നൽകുന്നുണ്ട്. കൂടാതെ 500 പൾസ് ഓക്സീമീറ്ററുകളുടെ നിർമ്മാണം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. മെഡിക്കൽ ഓക്സിജൻ കോൺസൺട്രേറ്റർ നിർമ്മാണം പൂർത്തിയാക്കി പരിശോധനാ ഘട്ടത്തിലാണ്. സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ഐ.സി.യു. ബെഡ്ഡുകൾ, ജിവൻ രക്ഷാ ഉപകരണങ്ങൾ എന്നിവ മെഡിക്കൽ കോളേജുകളിലേക്ക് നൽകിയിട്ടുണ്ട്. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പുമായും ആരോഗ്യ വകുപ്പുമായും കൂടിയാലോചിച്ച് ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ കോവിഡ് പ്രതിരോധത്തിനായി കുടുംബശ്രീ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന അണുനശീകാരിയും പരിസ്ഥിതി സൗഹൃദ ഉല്പന്നവുമായ ഹൈഡ്രജൻ പെറോക്സൈഡ് കോവിഡ് പ്രതിരോധത്തിന് സഹായകരമായ ഉല്പന്നമാണ്. ഈ ഉൽപ്പന്നം കുടുംബശ്രീ വഴി വിൽപ്പന നടത്തുന്നതിന് കമ്പനി പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ